<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട</u>
ചോദ്യം നംപർ. 111

<u>12.06.2014 ൽ</u>
<u>മറുപടിക്ക്</u>

## <u>നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഡാറ്റാ ബാങ്ക്</u>

<u>ചോദ്യം</u>

ശ്രീ.മുല്ലക്കര രത്നാകരൻ :
ശ്രീ.സി.ദിവാകരൻ :
ശ്രീ.കെ.രാജു :
ശ്രീ.ചിറ്റയം ഗോപകുമാർ:

<u>ഉത്തരം</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളുംസംരക്ഷിക്കുന്നതിന്റെ ഭാഗമായി ഡാറ്റാ ബാങ്ക് തയ്യാറാക്കൽ ആരംഭിച്ചതെന്നാണ് ; എത്ര വില്ലേജുകളിൽ ഡാറ്റാ ബാങ്ക് പൂർത്തിയാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 12.08.2008 ൽ നിലവിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കും പ്രകാരം, കേരള സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വേ നമ്പറും വിസ്തീർണ്ണവുമടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കി അംഗീകരിക്കുന്നത് കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും അവ ഗസറ്റ് വിജ്ഞാപനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുമാണ്. ഡാറ്റാ ബാങ്കിന്റെ കരട് തയ്യാറാക്കലും, പ്രസിദ്ധീകരണവും സംബന്ധിച്ച് വിവിധ ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ചിട്ടുള്ള പ്രൊഫോർമ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) എല്ലാ വില്ലേജുകളിലും ഇതിനായുള്ള പ്രാദേശിക മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര വില്ലേജുകളിൽ ഈ സമിതികൾ രൂപീകരിക്കാനുണ്ട്; ഈ സമിതികളിലെ അംഗങ്ങൾ ആരെല്ലാമായിരിക്ക | (ബി) പ്രാദേശിക തല സമിതികൾ രൂപീകരിച്ചിട്ടുള്ളത് വില്ലേജ് തലത്തിലല്ല, അവ രൂപീകരിച്ചിട്ടുള്ളത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. പ്രസ്തുത സമിതിയിൽ കേരള നെൽവയൽ തണ്ണീർത്തട |

| | | | |
|---|---|---|---|
| | ണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ ; | | നിയമ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ചെയർമാനും ഒരു പ്രദേശത്തെ കൃഷി ഓഫീസർ കൺവീനറും, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, ആ പ്രദേശത്തെ നെൽകൃഷിക്കാരുടെ മൂന്ന് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായിരിക്കണം എന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (സി) | ഡാറ്റാ ബാങ്ക് തയ്യാറാക്കൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്ത മാക്കുമോ ? | (സി) | ഡാറ്റാ ബാങ്കുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 15 ദിവസത്തിനകം പ്രസിദ്ധീകരണത്തിനായി ഗവ.പ്രസ്സിന് നൽകണമെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി 07.06.14 ൽ നടന്ന യോഗത്തിൽ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത 81 പഞ്ചായത്തുകൾ ഒരു മാസത്തിനകം ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Prosecution

## DATA BANK - STATUS AS ON 31/05/2014

## THE KERALA CONSERVATION OF PADDY LAND AND WET LAND ACT, 2008

| Sl.No. | District | Panchayat | | | Municipality | | | Corporation | | |
|---|---|---|---|---|---|---|---|---|---|---|
| | | No. of Panchayats | Draft ready | Gazette Notification | No. of Municipalities | Draft Ready | Gazette Notification | No. of Corporation | Draft Ready | Gazette Notification |
| 1 | Thiruvananthapuram** | 73 | 71 | 2 | 4 | 4 | 0 | 1 | 1 | 0 |
| 2 | Kollam | 74 | 74 | 0 | 3 | 3 | 0 | 1 | 1 | 0 |
| 3 | Pathanamthitta | 54 | 51 | 18 | 3 | 3 | 0 | 0 | 0 | 0 |
| 4 | Alappuzha | 73 | 73 | 0 | 5 | 5 | 0 | 0 | 0 | 0 |
| 5 | Kottayam | 73 | 65 | 0 | 4 | 4 | 0 | 0 | 0 | 0 |
| 6 | Idukki | 53 | 51 | 2 | 1 | 1 | 0 | 0 | 0 | 0 |
| 7 | Ernakulam | 84 | 77 | 9 | 11 | 9 | 0 | 1 | 0 | 0 |
| 8 | Thrissur | 88 | 88 | 3 | 6 | 6 | 0 | 1 | 1 | 0 |
| 9 | Malappuram | 100 | 100 | 12 | 7 | 7 | 0 | 0 | 0 | 0 |
| 10 | Palakkad | 91 | 0 | 0 | 4 | 4 | 1 | 0 | 0 | 0 |
| 11 | Kozhikkode | 73 | 48 | 23 | 2 | 2 | 1 | 1 | 1 | 0 |
| 12 | Wayanad | 25 | 0 | 0 | 1 | 0 | 0 | 0 | 0 | 0 |
| 13 | Kannur | 81 | 81 | 0 | 6 | 6 | 0 | 0 | 0 | 0 |
| 14 | Kasargode | 38 | 35 | 14 | 3 | 3 | 1 | 0 | 0 | 0 |
| | **Total** | **978** | **814** | **83** | **60** | **57** | **3** | **5** | **4** | **0** |

Section Officer